"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- കൊല്ലം ജില്ലയിൽ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിലെ LID&EW സബ്ഡിവിഷൻ മുൻ സീനിയർ ക്ലർക്ക് ശ്രീമതി. ഷെറിൻ എച്ച്. എ എന്നവരുടെ മാതാവിന്റെ ചികിത്സയ്ക്ക ചെലവായ തുക റീഇംബേഴ്സ് ചെയ്യുന്നതിന് അനുവാദം നൽകി- ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1017/2026/LSGD തീയതി,തിരുവനന്തപുരം, 16-05-2026

---

പരാമർശം:-

1. കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ 07.11.2023-ലെ ഡി2-6246/2023/ജി.മെ.ആ നം. കത്ത്.
2. ആരോഗ്യ വകുപ്പ ഡയറക്ടറുടെ, 21.03.2024-ലെഎം.ആർ5-290885/2023/ആ.വ.ഡ നമ്പർ കത്ത്.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ, 16.04.2026, 25.04.2026 എന്നീ തീയതികളിലെ യഥാക്രമം, LSGD/PD/23737/2023-DEG1, LSGD/PD/19370/2024-DEG1 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിൽ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിലെ LID&EW സബ്ഡിവിഷൻ മുൻ സീനിയർ ക്ലർക്ക് ശ്രീമതി. ഷെറിൻ എച്ച്. എ എന്നവരുടെ മാതാവിന്റെ ചികിത്സയ്ക്ക ചെലവായ തുക റീഇംബേഴ്സ് ചെയ്യുവാൻ അനുവാദം ലഭിയ്ക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം പ്രൊപ്പോസലുകൾ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസലുകളിൽ, ശ്രീഗോകുലം മെഡിക്കൽ കോളേജിൽ 13.10.2021-ൽ ചെലവായ തുകയിൽ, കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയത അറിയിച്ച ₹35,992/-രൂപയുടെ 80% ആയ ₹28,794/-രൂപയും (ഇരുപത്തെണ്ണായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റിനാല് രൂപ മാത്രം), തിരുവനന്തപുരം കിംസ് ആശുപത്രിയിൽ 13.10.2021 മുതൽ 16.12.2021 വരെയുള്ള കാലയളവിൽ ചെലവായ തുകയിൽ, ആരോഗ്യവകുപ്പ ഡയറക്ടർ അനുവദനീയത അറിയിച്ച ₹50381/-രൂപയുടെ 80% ആയ ₹40,305/-രൂപയും (നാൽപ്പതിനായിരത്തി മുന്നൂറ്റിയഞ്ച് രൂപ മാത്രം) ചേർത്ത് ആകെ **₹69,099/-** രൂപ **(അറുപത്തിയൊൻപതിനായിരത്തി തൊണ്ണൂറ്റിയൊൻപതു രൂപ മാത്രം**) പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DIPUKUMAR S L

അണ്ടർ സെക്രട്ടറി

ശ്രീമതി. ഷെറിൻ എച്ച്. എ, മുൻ സീനിയർ ക്ലർക്ക്, LID&EW സബ്ഡിവിഷൻ, ചടയമംഗലം

ബ്ലോക്ക് പഞ്ചായത്ത് (ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളുടെയും അനുബന്ധ രേഖകളുടെയും അസ്സൽ സഹിതം)
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (LNS-L8/225/2025-FIN തീയതി 24/09/2025 പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ് (EWB2/117/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 16-05-2026 09:33:51